**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 309** **12-01-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനിൽ അക്കര** | | **Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | കോവിഡ് രോഗം സ്ഥിരീകരിച്ചവരിൽ നിസ്സാര ലക്ഷണങ്ങൾ ഉള്ളവരെയും ലക്ഷണങ്ങൾ ഒന്നും ഇല്ലാത്തവരെയും ഹോം ഐസലേഷനിൽ പാർപ്പിക്കുന്ന പദ്ധതി വിജയപ്രദമാണോ; | (എ) | വിജയപ്രദമാണ്. |
| (ബി) | ഇവർ സമൂഹത്തിൽ ഇടപഴകുന്നില്ലായെന്ന് ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | ഹോം ഐസൊലേഷനിൽ താമസിക്കുന്നതിനായി തിരഞ്ഞെടുക്കുന്ന രോഗികൾക്ക് ഹോം ഐസൊലേഷനിൽ താമസിക്കാനുള്ള സൗകര്യമുണ്ടോ എന്ന് അതാത് പ്രദേശങ്ങളിലെ, ആരോഗ്യപ്രവർത്തകരും, ആശാ പ്രവർത്തകരും അന്വേഷണം നടത്തിയതിനു ശേഷം ആയതിനുള്ള സൗകര്യം ഉള്ളവരെ മാത്രമേ ഹോം ഐസൊലേഷനിൽ താമസിപ്പിക്കുകയുള്ളൂ. അതാത് പ്രദേശങ്ങളിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടറും ആരോഗ്യപ്രവർത്തകരും അവരുടെ രോഗം കൃത്യമായും മോണിറ്റർ ചെയ്യുന്നു. മറ്റുള്ളവരുമായി ഇടപെടുന്നില്ലായെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പൾസ് ഓക്സിമീറ്റർ നൽകുന്നു. വീട്ടിലുള്ളവർക്ക് ആവശ്യമായ ബോധവൽക്കരണം നൽകുകയും കോവിഡ് നെഗറ്റീവ് ആകുന്നതു വരെ പുറത്തു പോകുന്നില്ല എന്ന് ഉറപ്പ് വരുത്താനും നിർദ്ദേശം നൽകുന്നു. |
| (സി) | ഹോം ഐസലേഷൻ സൗകര്യം ഇല്ലാത്തവർക്കും ലഘു രോഗലക്ഷണം ഉള്ളവർക്കും ചികിത്സ ഉറപ്പാക്കുന്നതിന് ഫസ്റ്റ് ലൈൻ കോവിഡ് ട്രീറ്റ്മെന്റ് സെന്ററുകൾ ഒരുക്കിയിട്ടുണ്ടോ; പ്രസ്തുത സെന്ററുകളിൽ നിലവിൽ എത്രപേരെ ചികിത്സിക്കുവാനുള്ള സൗകര്യമുണ്ട് ; അറിയിക്കുമോ; | (സി) | 82 ഫസ്റ്റ് ലൈൻ കോവിഡ് ട്രീറ്റ്മെന്റ് സെന്ററുകളിലായി 12887 കിടക്കകൾ ഒരുക്കിയിട്ടുണ്ട്. |
| (ഡി) | കോവിഡ് പരിശോധനക്കായി എത്ര മൊബൈൽ ക്ലിനിക്കുകൾ സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുണ്ട്; | (ഡി) | സംസ്ഥാനത്ത് കോവിഡ് പരിശോധനയ്ക്കായി 79 മൊബൈൽ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | പ്രസ്തുത ക്ലിനിക്കുകളിൽ ഇതിനകം എത്രപേരെ പരിശോധിച്ചു എന്ന് അറിയിക്കുമോ? | | ഇതുവരെ 7,96,636 പേരെ പരിശോധനയ്ക്ക് വിധേയമാക്കി. |

സെക്ഷൻ ഓഫീസർ